# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1484** | **05.02.2019 ൽ മറുപടിയ്ക്ക്**

## വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) പച്ചക്കറി കൃഷി പദ്ധതി പ്രകാരം വിദ്യാലയങ്ങളിൽ കൃഷി പ്രോത്സാഹനത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കാമോ; | എ) സംസ്ഥാനത്ത് പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി എന്ന മുഖ്യ ഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്നുണ്ട്.<br>വിദ്യാലയങ്ങളിൽ പച്ചക്കറിതോട്ടം തയ്യാറാക്കുന്നതിന് 4,000/- രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകുന്നു. കൂടാതെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും, മറ്റ് കാർഷിക പ്രവർത്തനങ്ങൾക്കുമായി 1000/- രൂപ പ്രവർത്തന ചിലവായും നൽകി വരുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000/- രൂപ നിരക്കിലും ധനസഹായം നൽകുന്നു. സ്കൂൾ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വിലവരുന്ന 42 ലക്ഷം പച്ചക്കറി വിത്തു കിറ്റുകൾ സൗജന്യമായി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. |

ബി) ഈ പദ്ധതിയിലേക്ക് വിദ്യാലയങ്ങളെ തെരഞ്ഞെടുത്തത് ആരാണ്; മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

ബി) വിദ്യാലയങ്ങളെ പച്ചക്കറി കൃഷിക്ക് തിരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ കൃഷി ഓഫീസർമാരാണ്. തെരഞ്ഞെടുക്കുന്ന വിദ്യാലയങ്ങളിൽ കൃഷിക്ക് അനുയോജ്യമായ കുറഞ്ഞത് 10 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണ്. സ്ഥല പരിമിതിയുള്ള വിദ്യാലയങ്ങളിൽ, ഗ്രോബാഗുകളിൽ കൃഷി ചെയ്തു വരുന്നു.

സി) ഈ പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാലയങ്ങൾക്ക് ഏതെല്ലാം രീതിയിലുള്ള സഹായങ്ങളാണ് നൽകി വരുന്നത്; വിശദമാക്കാമോ;

സി) പദ്ധതിയിൽ ഉൾപ്പെടുന്ന വിദ്യാലയത്തിന് പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് 4,000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു. വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും മറ്റ് കാർഷിക പ്രവർത്തികൾക്കുമായി 1,000/- രൂപ പ്രവർത്തന ചിലവായും നൽകുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. പച്ചക്കറി കൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിന് പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000/- രൂപ നിരക്കിലും ധനസഹായം നൽകുന്നു.

ഡി) ഈ പദ്ധതിയിൽ കൊണ്ടോട്ടി ബ്ലോക്കിൽ നിന്ന് തെരഞ്ഞെടുത്ത വിദ്യാലയങ്ങൾ ഏതെല്ലാമാണ്; ഇവിടെ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം; വിവരങ്ങൾ ലഭ്യമാക്കാമോ?

ഡി) പദ്ധതി നടപ്പിലാക്കിയ കൊണ്ടോട്ടി ബ്ലോക്കിലെ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാലത്തിന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | ദേവദാർ യു.പി.എസ് | മുസ്ലിയാരങ്ങാടി, നെടിയിരിപ്പ് |
| 2 | ജി.യു.പി.എസ് | ചിറയിൽ, നെടിയിരിപ്പ് |
| 3 | കരുണാഭവൻ സ്കൂൾ | വാഴക്കാട്, കൊണ്ടോട്ടി |
| 4 | ജി.എം.എൽ.പി.എസ് | മപ്രം, വാഴക്കാട് |
| 5 | പിഎം.എസ്.എ.എൽ.പി.എസ് | മുതുപ്പറമ്പ്, മുതുവല്ലൂർ |
| 6 | എ.എം.എൽ.പി.എസ് | കൊളത്തൂർ, കൊണ്ടോട്ടി |
| 7 | എ.എം.യു.പി.എസ് | കുമ്മിണിപറമ്പ്, പള്ളിക്കൽ |
| 8 | എൻ.എൻ.എം.എച്ച്.എസ്.എസ് | ചേലേമ്പ്ര, കൊണ്ടോട്ടി |
| 9 | ജി.എച്ച്.എസ്.എസ് | കൊട്ടപ്പുറം, കൊണ്ടോട്ടി |

| | | |
|---|---|---|
| 10 | ജി.എൽ.പി.എസ് | കാരാട്, വാഴയൂർ |
| 11 | ഇയ്യതിങ്ങൽ എ.എം.എൽ.പി.എസ് | പുഞ്ചപ്പാടം, വാഴയൂർ. |

പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

- കൃഷിയ്ക്ക് ആവശ്യമായ ഗ്രോബാഗുകളും, അതിലേയ്ക്കുള്ള തൈകളും നൽകി.
- സ്കൂളുകളിലെ ഹരിതസേന ക്ലബ്ബിലെ വിദ്യാർത്ഥികൾക്ക് പരിശീലന പരിപാടികളും നടത്തി.
- ഓരോ ഘട്ടത്തിലും ഫീൽഡ് സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി.
- സ്കൂൾ കുട്ടികൾക്ക് തങ്ങളുടെ വീട്ടിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിനായി സൗജന്യമായി പച്ചക്കറി വിത്തുകൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തു.
- ജൈവ കീടനാശിനി പ്രയോഗിക്കുന്നതിനായി സ്പ്രേയറുകൾ നൽകി.
- കൃഷി ആവശ്യത്തിനുള്ള സാങ്കേതിക സഹായം നൽകി.
- സ്കൂൾ പരിസരത്ത് കൃഷി ചെയ്യുന്നതിന് സബ്സിഡിയും നൽകുന്നുണ്ട്.
- മിംസ് കോളേജ് ഓഫ് നഴ്സിംഗ് പ്രൊജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി നടപ്പിലാക്കി.
- കൊണ്ടോട്ടി ബ്ലോക്ക് പരിധിയിൽ വരുന്ന എൽ.പി, യു.പി, ഹൈസ്കൂൾ, എയ്ഡഡ്, അൺ എയ്ഡഡ് ഉടങ്ങിയ 120 വിദ്യാലയങ്ങളിൽ ഹരിതകേരളം പദ്ധതി പ്രകാരം 53350 സീഡ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

Maya P

**സെക്ഷൻ ഓഫീസർ**